**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** **31-01-2024 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ ദർശന സൗകര്യം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിൽ ഈ മണ്ഡലകാലത്ത് തീർത്ഥാടകർക്ക് ദർശനത്തിന് സൗകര്യം ഒരുക്കിക്കൊടുക്കുന്നതിലും അടിസ്ഥാനസൗകര്യം ഒരുക്കുന്നതിലും സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും പരാജയപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>2023-24 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനം വിവിധ വകുപ്പുകളെയും തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും ഏകോപിപ്പിച്ച് കൊണ്ട് മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്. തീർത്ഥാടന കാലത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി തലത്തിലും ദേവസ്വം വകുപ്പ് മന്ത്രി തലത്തിലും മറ്റ് മന്ത്രിമാരുടെ നേതൃത്വത്തിലും നിരവധി അവലോകന യോഗങ്ങൾ ചേർന്നിട്ടുള്ളതും ദർശനത്തിനെത്തിയ തീർത്ഥാടകർക്കെല്ലാം തന്നെ സുഗമമായ ദർശനം ഒരുക്കുന്നതിന് സാധിച്ചിട്ടുള്ളതുമാണ്. ആക്ഷേപങ്ങൾ അടിസ്ഥാന രഹിതമാണ്. |
| (ബി) | ശബരിമലയിൽ തിരക്ക് നിയന്ത്രിക്കുന്നതിനും ക്യൂ നിൽക്കുന്ന ഭക്തർക്ക് വെള്ളവും ഭക്ഷണവും എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | തീർത്ഥാടകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചത് മൂലം തിരക്ക് നിയന്ത്രണാധീതമായ സന്ദർഭത്തിൽ വെർച്വൽ ക്യൂ ബുക്കിംഗിന്റെ എണ്ണം പരിമിതപ്പെടുത്തിയിരുന്നതും പതിനെട്ടാം പടിയുൾപ്പെടെയുള്ള സുപ്രധാന സ്ഥലങ്ങളിൽ പരിചയ സമ്പന്നരായ പോലീസുകാരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നതാണ്. മേൽ പ്രകാരമുള്ള നടപടികളിലൂടെ തിരക്ക് നിയന്ത്രണ വിധേയമാക്കി തീർത്ഥാടകർക്ക് സുഗമമായ ദർശന സൗകര്യം ഒരുക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്. കൂടാതെ ക്യൂ നിൽക്കുന്ന ഭക്തർക്ക് ഭക്ഷണവും വെള്ളവും എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിരുന്നു. ചുക്കുവെള്ള വിതരണത്തിനായി ദേവസ്വം ബോർഡും സന്നദ്ധ സംഘടനകളും ചേർന്ന് ശരണ പാതകളിലും, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലും ചുക്കുവെള്ള കൗണ്ടറുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുകയും ബിസ്കറ്റ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. തീർത്ഥാടകർക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് മൂന്ന് നേരവും അന്നദാനം നടത്തിയിരുന്നു. |
| (സി) | വരും വർഷങ്ങളിൽ ശബരിമലയിലെ ക്യൂ സംവിധാനം മെച്ചപ്പെടുത്തുവാനും ഭക്തർക്ക് സുഗമമായി ദർശനം നടത്തുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 2023- 24 മണ്ഡല -മകരവിളക്ക് കാലത്ത് ശ്രദ്ധയിൽപെട്ട വിഷയങ്ങൾ പരിശോധിച്ച് വരും വർഷങ്ങളിൽ ആയത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിന്റെ മുന്നോടിയായി ഫെബ്രുവരി 6-ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തലത്തിൽ അവലോകന യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ